## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *518** 26.03.2018-ൽ മറുപടിയ്ക്ക്

## കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് നടത്തിവരുന്ന പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>,, . കെ. ആൻസലൻ<br>,, വി. കെ. സി. മമ്മത് കോയ<br>,, .എം. രാജഗോപാലൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) ഉണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ ആന്വിറ്റി മാതൃകയിൽ നടത്തി വരുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ കൊടുക്കുന്നു.<br>**തിരുവനന്തപുരം, കോഴിക്കോട് നഗര റോഡു വികസന പദ്ധതികൾ:-** നിർമ്മാണം പൂർത്തിയാക്കിയ ഈ പദ്ധതികൾ ഇപ്പോൾ 15 വർഷത്തെ പരിപാലന ഘട്ടത്തിലാണ്.<br>**ആലപ്പുഴ നഗര റോഡ് വികസന പദ്ധതി:-** ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കൺസഷൻ എഗ്രിമെന്റിനുള്ള അംഗീകാരം സർക്കാരിന്റെ പരിഗണനയിലാണ്.<br>**കണ്ണൂർ നഗര റോഡു വികസന പദ്ധതി:-** ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.<br>കൊല്ലം, നഗര റോഡു വികസന പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് പരിശോധനയിലാണ്. |

(ബി) ബോർഡിന്റെ സാമ്പത്തിക സ്രോതസ്സുകൾ ഏതെല്ലാമെന്നും ബോർഡ് പൊതു സ്വകാര്യ പങ്കാളിത്താടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ; പി.പി.പി.പദ്ധതിയുടെ ധനകാര്യ സ്കീം വിശദമാക്കാമോ;

(ബി) കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം മോട്ടോർ വാഹന നികുതിയിനത്തിൽ ലഭ്യമാകുന്ന തുകയുടെ 10% വിഹിതമാണ് കേരള റോഡ് ഫണ്ട് ബോർഡിന്റെ സാമ്പത്തിക സ്രോതസ്സ്. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ആന്വറ്റി മാതൃകയിൽ കെ.ആർ.എഫ്.ബി നടപ്പിലാക്കിയ പദ്ധതികളാണ് തിരുവനന്തപുരം, കോഴിക്കോട് നഗര റോഡു വികസന പദ്ധതികൾ. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾക്കാവശ്യമായ ഫണ്ട് പ്രസ്തുത പൊതു സ്വകാര്യ പങ്കാളിത്ത ഏജൻസികൾ തന്നെയാണ് സമാഹരിക്കുന്നതും ചെലവഴിക്കുന്നതും. ഇത്തരം പദ്ധതികളിൽ നിർമ്മാണത്തിന് പുറമേ 15 വർഷത്തെ പരിപാലനവും ഈ ഏജൻസികളിൽ നിക്ഷിപ്തമാണ്. നിർമ്മാണം പൂർത്തിയാകുന്നതനുസരിച്ച് സർക്കാർ ആറു മാസത്തിലൊരിക്കൽ 15 വർഷം ആന്വറ്റിയായി തുക കമ്പനിക്ക് തിരികെ നൽകുന്നതാണ് പി.പി.പി പദ്ധതിയുടെ ധനകാര്യ സ്കീം.

(സി) ബോർഡ് ഏതെങ്കിലും കിഫ്ബി പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നുണ്ടോ;

(സി) കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബി പ്രവർത്തികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നില്ല. കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി കെ.ആർ.എഫ്.ബിയുടെ കീഴിൽ പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുന്ന പദ്ധതികളുടെ

പ്രോജക്ട് റിപ്പോർട്ടുകൾ പൊതുമരാമത്ത് വകുപ്പിലെ അതാത് ഡിവിഷനുകളിൽ തയ്യാറാക്കുകയും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് അവ പരിശോധിച്ച ശേഷം കിഫ്ബിയിലേക്ക് അപ് ലോഡ് ചെയ്യുകയും ചെയ്യും. കിഫ്ബിയുടെ അംഗീകാരം ലഭിച്ച ശേഷം പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരുമായി വർക്ക് എഗ്രിമെന്റ് ഒപ്പിടുന്ന നടപടി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സ്വീകരിച്ചു വരുന്നു. അതിന് ശേഷം പദ്ധതി നടത്തിപ്പിന് അതാത് ഡിവിഷനുകളിൽ ഏൽപ്പിക്കുകയും അവ പൂർത്തീകരിക്കുന്ന മുറയ്ക്ക് ബില്ലുകൾ അതാത് ഡിവിഷനുകളിൽ പാസ്സാക്കിയ ശേഷം കിഫ്ബിയിൽ അപ് ലോഡ് ചെയ്യുകയും ചെയ്യുന്ന ചുമതല എസ്.പി.വിയിൽ നിക്ഷിപ്തമാണ്. അതിനുശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ഇൻവെസ്റ്റിഗേഷൻ ഏജൻസികൾക്ക് കിഫ്ബിയിൽ നിന്നും ലഭിക്കുന്ന സെന്റേജ് തുകയിൽ നിന്നും നൽകി വരുന്നു.

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന പാത മെച്ചപ്പെടുത്തൽ പദ്ധതി (എസ്.ആർ.ഐ.പി) പ്രകാരമുള്ള പ്രവൃത്തികൾ റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് നടത്തി വരുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കേരള റോഡ് ഫണ്ട് ബോർഡ് എസ്.ആർ.ഐ.പി പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി വരുന്നില്ല. ഇത് പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനിയാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ